# ADORE MISSION
## 2019-2020
## വാർഷികറിപ്പോർട്ട്

കർത്താവിൽ പ്രിയ സഹോദരങ്ങളെ,

ക്രിസ്തു യേശുവിന്റെ നാമത്തിൽ എല്ലാ പ്രിയപ്പെട്ടവർക്കും സ്നേഹ വന്ദനം.

സംഭവബഹുലമായ ഒരു വർഷം കൂടി കടന്നു പോയി. കഴിഞ്ഞ ഒരു വർഷം കൂടി ഒഡീഷായിലെ ഉൾഗ്രാമങ്ങളിൽ സുവിശേഷ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ അഡോർ കൂട്ടായ്മയ്ക്ക് ലഭിച്ച ദൈവകൃപയ്ക്കായി ദൈവത്തിന് സ്തോത്രം ചെയ്യുന്നു. ഒഡീഷാ സംസ്ഥാനത്ത് റായ്ഗഡ ജില്ലയിൽ ജിമിദി പെട്ട എന്ന ഗ്രാമം കേന്ദ്രീകരിച്ചാണ് മിഷൻ പ്രവർത്തനങ്ങൾ നടക്കുന്നത്. ജിമിദിപെട്ടയിൽ 50 പെൺകുട്ടികൾക്കു താമസിക്കാൻ സൗകര്യമുള്ള ഒരു ഹോസ്റ്റൽ നമുക്കുണ്ട്. അവിടെ നിന്നും 2 കിലോമീറ്റർ അകലെ 'ഗുഡം' എന്ന സ്ഥലത്ത് 30 കുട്ടികൾക്ക് താമസിക്കാൻ സൗകര്യമുള്ള ആൺകുട്ടികളുടെ ഒരു ഹോസ്റ്റലും ഉണ്ട്. ഇപ്പോൾ 48 പെൺകുട്ടികളേയും 28 ആൺകുട്ടികളേയും ഹോസ്റ്റലുകളിൽ താമസിപ്പിച്ചു അടുത്തുള്ള സ്കൂളിൽ അയച്ചു പഠിപ്പിക്കുന്നു. അതോടൊപ്പം തന്നെ, ദൈവവചന പഠനത്തിൽ കൂടി ആത്മീകമായി അവരെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു.

ഈ റിപ്പോർട്ട് എഴുതുന്ന അവസരത്തിൽ കോവിഡ് 19 എന്ന വൈറസ് രോഗം ഒരു മഹാമാരി പോലെ ലോകമെമ്പാടും വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനോടകം 2 ലക്ഷത്തിൽപരം മനുഷ്യജീവൻ ഈ രോഗം മൂലം നഷ്ടമായി. അനുദിനം ആയിരങ്ങൾ മരണത്തിനു കീഴ്പെട്ടുകൊണ്ടിരിക്കുന്നു. വൈദ്യശാസ്ത്രത്തിനു ഈ മഹാമാരിയെ പൂർണമായി നിയന്ത്രിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. ഈ രോഗവ്യാപനം തടയാൻ വേണ്ടി പ്രഖ്യാപിച്ച ലോക്ക്ഡൗൺ ജനജീവിതം വളരെ ദുരിതത്തിലാക്കി. വ്യവസായശാലകൾ മിക്കതും അടച്ചിടേണ്ടി വരുന്നതിനാൽ അനേകലക്ഷം തൊഴിലാളികൾ തൊഴിൽ രഹിതരായി

തീർന്നിരിക്കുന്നു. എല്ലാ വ്യാപാര സ്ഥാപനങ്ങളും വ്യവസായശാലകളും തകർച്ചയുടെ വക്കിലാണ്. ആഗോളസാമ്പത്തിക നില തന്നെ തകർന്നിരിക്കുന്നു. നമ്മുടെ ഭാരതത്തിൽ തന്നെ അന്യസംസ്ഥാനങ്ങളിൽ നിന്നും വിവിധ പട്ടണങ്ങളിൽ വന്നു ദിവസകൂലിക്ക് ജോലി ചെയ്തു കൊണ്ടിരുന്ന ലക്ഷകണക്കിനു അതിഥി തൊഴിലാളികൾക്ക് ജോലി നഷ്ടമായിട്ട് പട്ടിണിയും ദാരിദ്ര്യത്തിലും ആയിരിക്കുന്നു. അത് മൂലം ആയിരകണക്കിനു തൊഴിലാളികൾ ദൂരെയുള്ള അവരുടെ ഗ്രാമങ്ങളിലേക്കു കുടുംബമായി പാലായനം ചെയ്യുന്ന ദുരിത കാഴ്ചകൾ ഏറെ ദുഃഖത്തോടെ ദൃശ്യമാദ്ധ്യമങ്ങളിൽ കൂടി നാം കണ്ടതാണ്. ആ പാലായനത്തിൽ കുഞ്ഞുങ്ങളും സ്ത്രീകളും അടക്കം മുന്നുറോളം മനുഷ്യ ജീവൻ പൊലിഞ്ഞുപോയല്ലോ എന്നോർക്കുമ്പോൾ അതീവ ദുഃഖം തോന്നുന്നു. സ്വാതന്ത്ര്യം കിട്ടിയിട്ടു. എഴുപതിലേറെ വർഷം കഴിഞ്ഞിട്ടും നമ്മുടെ ഭാരതത്തിലെ ഗ്രാമീണ ജനതകൾ ഇപ്പോഴും കഷ്ടപ്പാടിൽ തന്നെ ജീവിക്കുന്നു. അവർക്കു ആവശ്യമായ യാത്രാ സൗകര്യങ്ങൾ ഒരുക്കാനോ മറ്റു സഹായങ്ങൾ ചെയ്യാനോ ഒരു ക്രിസ്തീയസഭയും മുന്നോട്ടു വന്നില്ല എന്നുള്ളത് ഒരു ദുഃഖസത്യമായി അവശേഷിക്കുന്നു. യരീഹോവിലേക്കുള്ള യാത്രയിൽ ആക്രമിക്കപ്പെട്ടു മുറിവേറ്റു വീണു കിടക്കുന്നവനെ എണ്ണയും വീഞ്ഞും പകർന്നു ശുശ്രൂഷിച്ചവനാണ് യഥാർത്ഥ കൂട്ടുകാരൻ എന്ന ശമര്യക്കാരന്റെ കഥയിലൂടെ അരുളിചെയ്ത യേശുകർത്താവിന്റെ അനുയായികളാകാൻ നമ്മൾക്ക് എന്തു ധാർമ്മികതയാണ് ഉള്ളത്?.

ഈ കോവിഡ് കാലം ഒരു പാട് കാര്യങ്ങൾ നമ്മളെ പഠിപ്പിക്കുന്നുണ്ട്. പലതും നമ്മുടെ ചിന്താമണ്ഡലങ്ങളെ ഉണർത്തേണ്ടതാണ്.

അതിൽ പ്രധാനമായ ഒന്ന്, നമ്മുടെ ആരാധനാലയങ്ങൾ എല്ലാം അടച്ചിടേണ്ടി വന്നു എന്നുള്ളതാണ്. ലോകചരിത്രത്തിൽ ഇങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ എന്ന് സംശയമാണ്. പല ആരാധനാലയങ്ങളും കോടികൾ മുടക്കി പുതുക്കി പണിതവയാണ്. "മനുഷ്യഹൃദയങ്ങളിൽ വസിക്കാൻ ആഗ്രഹിക്കുന്ന ദൈവത്തെ കെട്ടിടസമുച്ചയങ്ങളിൽ കുടിയിരുത്താൻ ശ്രമിക്കുന്ന മനുഷ്യൻ". ആരാധനകൾ മനുഷ്യനെ പാപബോധത്തിലേക്കും, അനുതാപ

ത്തിലേക്കും അനുദിന മാനസാന്തരത്തിലേക്കും നയിക്കണം. അത് പരസ്പര സ്നേഹത്തിലേക്കും അന്യോന്യം ഉള്ള കരുതലിനേക്കും നമ്മേ നടത്തേണ്ട താണ്. മനുഷ്യപുത്രനായി യേശു കർത്താവ് ഇഹലോകത്തിൽ ജീവിച്ചപ്പോൾ "മനസ്സലിവ്" യേശു കർത്താവിന്റെ മുഖമുദ്ര ആയിരുന്നു.

"അവൻ വന്ന് വലിയ പുരുഷാരത്തെ കണ്ട് അവരിൽ മനസ്സലിഞ്ഞ്" Mathew 14:14, എന്നാണ് തിരുവചനം പറയുന്നത്. നമ്മുടെ രാജ്യത്ത് കയറി കിടക്കാൻ ഒരു കൂരപോലും ഇല്ലാത്ത പരകോടി മനുഷ്യർ ജീവിക്കുന്ന സമൂ ഹത്തിൽ, കോടികൾ മുടക്കി ദേവാലയങ്ങളും പാരിഷ് ഹാളുകളും കെട്ടിപൊക്കി പൊങ്ങച്ചം പ്രകടിപ്പിക്കുമ്പോൾ അത് കണ്ട് വിലപിക്കുന്ന ഒരു ദൈവത്തെ യാണ് നാം കാണുന്നത്. "ആകാശമേ കേൾക്ക ഭൂമിയേ ചെവി തരിക; യഹോവ അരുളി ചെയ്യുന്നു: ഞാൻ മക്കളെ പോറ്റി വളർത്തി അവരോ എന്നോടു മത്സരിക്കുന്നു. (യെശയ്യ 1:2) ഇങ്ങനെ കോടികൾ മുടക്കി പണിതുയർത്തിയ സർവ്വ മതസ്ഥരുടെയും ആരാധനാ സ്ഥലങ്ങളിലോട്ടുള്ള പ്രവേശനം ഒരു ചെറിയ വൈറസ് (ഇലക്ട്രോൺ മൈക്രോസ്കോപ്പിലൂടെ മാത്രം കാണാൻ സാധിക്കുന്ന.) മുഖാന്തരം മനുഷ്യർക്ക് നിഷേധിക്കപ്പെട്ടിരിക്കുകയാണ്.

കോവിഡിന്റെ അതിപ്രസരണം നടക്കുമ്പോഴും കുറെ പേർ എങ്കിലും ദേവാലയം തുറന്നു ആരാധന മുറപോലെ നടത്തണമെന്ന് വാശിപിടിക്കുന്നുണ്ട്. അവർ യിരമ്യാ പ്രവാചകൻമുഖാന്തരം ദൈവം അരുളി ചെയ്തത് കേൾക്കണം "യഹോവയുടെ മന്ദിരം, യഹോവയുടെ മന്ദിരം, യഹോവയുടെ മന്ദിരം എന്നി ങ്ങനെയുള്ള വ്യാജവാക്കുകളിൽ ആശ്രയിക്കരുത്. നിങ്ങളുടെ നടപ്പും പ്രവർത്തിയും വാസ്തവമായും നന്നാക്കുവിൻ". (യിരെമ്യാ 7:4-5) നമ്മുടെ ആരാധനകൾ മനുഷ്യനെ മനുഷ്യത്വത്തിലേക്കു നയിക്കുവാൻ ഇടയാകണം.

മറ്റൊന്ന് നമ്മുടെ കൂദാശകൾക്ക് പ്രതിസന്ധി നേരിട്ടിരിക്കുന്നു എന്നു ള്ളതാണ്. പലർക്കും അവർ ആഗ്രഹിക്കുന്നരീതിയിൽ ഇതൊന്നും നടത്താൻ സാധിക്കുന്നില്ല. വിവാഹം, മാമോദിസ എന്നീ കൂദാശകൾ എത്ര ആർഭാഡമാ യിട്ടാണ് വിശ്വാസികൾ നടത്തികൊണ്ടിരുന്നത്? ദേശത്തുള്ള മാളോരെ എല്ലാം ക്ഷണിച്ചു വരുത്തി ലക്ഷങ്ങൾ മുടക്കി ആഡിറ്റോറിയങ്ങൾ വാടകക്കെടുത്ത്

ഒരു പ്ലേറ്റിന് ആയിരവും അതിലധികവും കൊടുത്ത് ആഘോഷിക്കപ്പെടുന്ന ധൂർത്ത് കോവിഡ് കാരണം കുറച്ചു നാളത്തേക്കെങ്കിലും അവസാനിച്ചു. ദൈവം തരുന്ന സമ്പത്തിന്റെ കാര്യവിചാരകന്മാർ മാത്രമാണ്. നമ്മളെന്ന് ഓർക്കേണ്ട തുണ്ട്. ഉടമസ്ഥൻ ദൈവമാണ്. "നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അൽപത്തിൽ വിശ്വസ്തനായിരുന്നു ഞാൻ നിന്നെ അധികത്തിനു വിചാരക നാക്കും" (Math: 25:21) എന്ന ദൈവ ശബ്ദം കേൾപ്പാൻ ഏവർക്കും ഇടയാക ട്ടെ. കുറെ ഏറെ ഹൈന്ദവ വിവാഹങ്ങൾ പല അമ്പലങ്ങളിൽ വച്ച് "കോവിഡ് പ്രോട്ടോക്കോൾ" പ്രകാരം ആൾക്കൂട്ടം ഇല്ലാതെ ലളിതമായി നടന്നതായി മാദ്ധ്യ മങ്ങളിൽ കൂടെ വായിച്ചു. എന്നാൽ ഒരു ക്രിസ്തീയ വിവാഹത്തിന്റെയും വാർത്ത കേട്ടില്ല. വളരെ ഭക്തിയോടും പ്രാർത്ഥനയോടും ദൈവകൃപയോടും കൂടി നടത്തേണ്ട ഈ കൂദാശകൾ അന്നത്തെ സദ്യക്കും ആഡംബരത്തിനും മുൻതൂക്കം കൊടുക്കുമ്പോൾ ക്രിസ്തീയ മൂല്യങ്ങൾക്ക് എന്തു വിലയാണ് നാം നൽകുന്നത്?

2018 ഫെബ്രുവരിയിൽ നിയമവകുപ്പ് ഇറക്കിയ കണക്കിൻ പ്രകാരം 61970 വിവാഹമോചന കേസ്സുകൾ കേരള കോടതികളിൽ കെട്ടികിടപ്പുണ്ട്. 28% പ്രൊട്ട സ്റ്റന്റ് വിവാഹങ്ങൾ വിവാഹമോചനത്തിൽ അവസാനിക്കുന്നു. ക്രിസ്തീയ മൂല്യങ്ങളെക്കാൾ അധികം ലൗകിക മൂല്യങ്ങൾക്ക് വിലകൊടുക്കുന്നതാണ് ഇതിന്റെ പ്രധാനകാരണം. ലോകത്തിൽ ഏറ്റവും കുറച്ച് വിവാഹമോചനം നട ക്കുന്നത് യഹൂദന്മാരുടെ ഇടയിലും കത്തോലിക്കരുടെ ഇടയിലുമാണ്. നമ്മുടെ ഇടയിലെ വിവാഹങ്ങളും മറ്റു കൂദാശകളും ചടങ്ങുകളും ലളിതവും എളിമയും ഉള്ളതായിരിക്കട്ടെ.

കോവിഡ് നമ്മുടെ സാമ്പത്തിക ആസ്തിയെ ആകമാനം തകിടം മറി ച്ചു എന്നതാണ് മറ്റൊരു വസ്തുത. ഫാക്ടറികളും വ്യവസായങ്ങളും ഒക്കെ നിലച്ചു. തൊഴിലില്ലായ്മ രൂക്ഷമായി. ദിവസക്കൂലിയ്ക്ക് ജോലിചെയ്തു കൊ ണ്ടിരുന്നവരും അവരുടെ കുടുംബങ്ങളും തൊഴിലില്ലായ്മയാൽ പട്ടിണിയിൽ ആയി. കോവിഡ്-19 ഉളവാക്കിയ സാമ്പത്തിക തകർച്ച മൂലമുണ്ടാകുന്ന ദാരിദ്ര്യം കാരണം അനേകായിരങ്ങൾ മരിക്കും എന്ന് സാമൂഹ്യ സാമ്പത്തിക വിദഗ്ധർ പറയുന്നു.

2019 ലെ കണക്കിൻ പ്രകാരം 117 രാജ്യങ്ങളുടെ കണക്കുകൾ എടുത്തതിൽ ഭാരതം പട്ടിണിയിൽ 102-ാം സ്ഥാനത്താണ് നിൽക്കുന്നത്. പാകിസ്ഥാൻ, ബംഗ്ലാദേശ്, നേപ്പാൾ തുടങ്ങിയ നമ്മളെക്കാൾ പിന്നോക്കം എന്നു കരുതിയ രാജ്യങ്ങൾ പോലും നമ്മളേക്കാൾ പട്ടിണിയും ദാരിദ്ര്യവും കുറഞ്ഞ രാജ്യങ്ങളുടെ കൂട്ടത്തിലാണ്. 2019ലെ കണക്ക് ഇങ്ങനെയെങ്കിൽ സാമ്പത്തിക വ്യവസ്ഥ മൊത്തത്തിൽ തകർന്ന ഈ കോവിഡ് കാലത്തെ സ്ഥിതി എന്താകുമെന്ന് നമ്മൾക്ക് ഊഹിക്കാവുന്നതേയുള്ളൂ. "വിശപ്പുള്ളവനോടു നീ താൽപര്യം കാണിക്കുകയും കഷ്ടത്തിൽ ഇരിക്കുന്നവന് തൃപ്തി വരുത്തുകയും ചെയ്യുമെങ്കിൽ നിന്റെ പ്രകാശം ഇരുളിൽ ഉദിക്കും നിന്റെ അന്ധകാരം മധ്യഹ്നം പോലെയാകും"(യശയ്യ 58:10). നമ്മുടെ പ്രകാശം ഇരുളിൽ ഉദിക്കുവാനും നമ്മുടെ അന്ധകാരം മധ്യാഹ്നം പോലെ ആകുവാനും ദൈവം ഇടയാക്കട്ടെ.

മറ്റൊന്ന് മനുഷ്യൻ അനുഭവിക്കുന്ന ഏകാന്തതയും ഒറ്റപ്പെടലുമാണ് .സൃഷ്ടിയുടെ മകുടമായി മനുഷ്യൻ സൃഷ്ടിക്കപ്പെട്ടു. മനുഷ്യൻ ഒറ്റക്ക് ആയിരിക്കുന്നത് നന്നല്ല എന്നു കണ്ട് ദൈവം അവനു കൂട്ടായി സ്ത്രീയെ സൃഷ്ടിച്ചു എന്ന് നാം ഉൽപത്തിയിൽ വായിക്കുന്നു. ലോക്ഡൗണിൽ അനുഭവപ്പെട്ട ഏകാന്തതയും ഒറ്റപ്പെടലും അവനെ തീർച്ചയായിട്ടും അസ്വസ്ഥനാക്കി. മൃതശരീരത്തിനോടുപോലും കാണിച്ച അനാദരവ്, നമ്മൾ ഇപ്പോഴും പ്രാകൃതരാണ് എന്നു നമ്മേ ഓർമ്മിപ്പിക്കുന്നു. കഴിഞ്ഞ തലമുറകൾ, ദൈവവുമായിട്ടുള്ള കൂട്ടായ്മയിൽ കൂടുതൽ സമയം ചിലവഴിച്ചു. പ്രഭാതപ്രാർത്ഥനയും സന്ധ്യാനമസ്കാരവും എല്ലാ ഭവനങ്ങളിലും ഉണ്ടായിരുന്നു. അവർ ദൈവത്തോടു ചേർന്നു ജീവിച്ചു. പിൻതലമുറകളെ ദൈവം അനുഗ്രഹിച്ചു, പക്ഷെ തലമുറകൾ കഴിഞ്ഞപ്പോൾ ദൈവമായിട്ടുള്ള കൂട്ടായ്മ ബന്ധം നമ്മൾക്ക് നഷ്ടപ്പെട്ടതായിട്ടാണ് നാം കാണുന്നത്. ഈ ലോക്ഡൗണിന്റെ കാലത്ത് നമ്മൾക്ക് ദൈവവുമായുള്ള കൂട്ടായ്മയിൽ കഴിയാം. ദൈവവുമായിട്ടുള്ള ബന്ധത്തിൽ കൂടി മാത്രമേ നമ്മൾക്ക് ദൈവസ്വഭാവത്തിലേക്ക് മടങ്ങി വരാൻ സാധ്യമാകൂ. വിശുദ്ധ പൗലോസ് അപ്പോസ്തലൻ ഫിലിപ്പിയർ 2:5 ൽ പറയുന്നതുപോലെ ക്രിസ്തുയേശുവിന്റെ ഭാവം തന്നെ നമ്മളിലുണ്ടാക്കുവാൻ ഈ ലോക്ഡൗൺ കാലം ഇടയാക്കട്ടെ.

വേറൊരു പ്രത്യേകത കോവിഡിന്റെ ഈ ലോക്ഡൗൺ കാലത്ത് അത്ഭുത രോഗശാന്തി ശുശ്രൂഷക്കാരെയോ, പ്രാർത്ഥനാ കച്ചവടക്കാരെയോ ഒന്നും കാൺമാനുമില്ല കേൾക്കാനുമില്ല. അവസരം നോക്കി കാത്തിരിക്കുക യാണോ അതോ ഓൺലൈൻ വഴി കച്ചവടം നടക്കുന്നുണ്ടോ എന്നറിയില്ല. “മിസ്രേമിലെ നിക്ഷേപ വസ്തുക്കളെക്കാൾ ക്രിസ്തുവിന്റെ നിന്ദയെ സമ്പത്ത്” എന്നു എണ്ണിക്കൊണ്ട് അനേകരെ മാനസാന്തരത്തിലേക്കും ക്രിസ്തുശിഷ്യ ത്വത്തിലേക്കും നയിച്ച ഭക്തന്മാരുടെ ജീവിതചരിത്രം നമ്മൾക്ക് വായിച്ചു മന സിലാക്കുവാൻ പറ്റിയ സമയമാണ് ഈ കോവിഡ് ആജീവനകാലം അതിന് നമ്മളെ ഏവരെയും ദൈവം സഹായിക്കട്ടെ.

**ശ്രീ. കെ.ജെ. ജോൺ (ട്രഷറർ, അഡോർ)**

നീണ്ട 34 വർഷക്കാലം കേരളാപോലീസിന്റെ സിവിൽ വിഭാഗത്തിൽ സേവനം അനുഷ്ഠിച്ച് ആ വിഭാഗത്തിന്റെ ജില്ലാ തല ഉദ്യോഗസ്ഥൻ (അഡ്മി നിസ്ട്രേറ്റീവ് അസിസ്റ്റന്റ്) ആയി വിരമിച്ച ഒരു മാന്യദേഹമാണ് ശ്രീ. കെ.ജെ. ജോൺ. തന്റെ 34 വർഷത്തെ ഔദ്യോഗിക ജീവിതം കറപുരളാത്തതും സേവന മനോഭാവത്തോടുകൂടിയതും ആയിരുന്നു. തന്റെ ലളിതജീവിതശൈലിയും മറ്റു ള്ളവരോടുള്ള ഇടപെടലിലെ സൗമ്യതയും എല്ലാവർക്കും ഒരു മാതൃക തന്നെ യാണ്. 1995 ൽ സർക്കാർ സർവീസിൽ നിന്നു വിരമിച്ച ശേഷം അദ്ദേഹം അഡോർ കൂട്ടായ്മയുടെ ഭാഗവും സംഘടനയുടെ ഒരു അംഗവുമായി തീർന്നു. 2003 മുതൽ സംഘടനയുടെ ട്രഷറർ ആയി സ്വമേധയാ സേവനം ചെയ്തു പോന്നു. ആരോഗ്യപരമായ കാരണത്താൽ 2019 ൽ ആ സ്ഥാനത്തു നിന്നും അദ്ദേഹം വിരമിക്കുകയുമുണ്ടായി. 17 വർഷകാലത്തോളം സംഘടനയുടെ ട്രഷ ററായി സ്തുത്യർഹമായ സേവനം അദ്ദേഹം കാഴ്ചവച്ചു. ശാരീരിക പ്രയാസ ങ്ങൾ ഉണ്ടായിരുന്നപ്പോൾ പോലും നടന്നും ബസ്സിൽ സഞ്ചരിച്ചും സംഘടന യുടെ ട്രഷറർ എന്ന നിലയിലുള്ള ഔദ്യോഗിക ജോലികൾ അദ്ദേഹം നിർവ ഹിച്ചു പോന്നു. അതിനു പുറമെ അദ്ദേഹത്തിന്റെ നീണ്ട ഔദ്യോഗിക ജീവിത ത്തിൽ നിന്നും ലഭിച്ച അറിവും പരിചയവും അഡോർ സംഘടനയുടെ നടത്തി പ്പിന് വളരെ പ്രയോജനപ്പെട്ടിട്ടുണ്ട്. ഇതിനെല്ലാം പ്രേരണ ആയത്

ദൈവരാജ്യത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടും അചഞ്ചലമായ ക്രിസ്തു വിശ്വാസവും ആണ്. അഡോർ സംഘടനക്കു നൽകിയ എല്ലാ സേവനങ്ങൾക്കും അകമഴിഞ്ഞ നന്ദിയും സ്നേഹവും അറിയിക്കുന്നു. എല്ലാ ശാരീരിക പ്രയാസങ്ങൾക്കും ദൈവം അദ്ദേഹത്തിന് ആശ്വാസം നൽകട്ടെ. വാർദ്ധക്യത്തിലും ഫലം കായ്ക്കുന്നവനായും അനേകരെ രൂപാന്തരത്തിലോട്ടും മാനസാന്തരത്തിലോട്ടും നയിക്കുവാനും സർവശക്തൻ പ്രിയ ദാസനെ ബലപ്പെടുത്തട്ടെ എന്നു പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു. പുതിയ ട്രഷറർ ആയി ചുമതലയേറ്റ് ശ്രീ. കോരുത് സാമുവേലിനെ ദൈവം ചുമതലകൾ നിർവ്വഹിക്കുവാനായി ശക്തീകരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**അഡോർ ഗേൾസ് ഹോസ്റ്റൽ**

ജിമിദിപെട്ട ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്ന കലിംഗാ ഹൈസ്കൂളിനു സമീപമാണ് ഈ ഹോസ്റ്റൽ സ്ഥിതി ചെയ്യുന്നത്. ഈ അദ്ധ്യയന വർഷം (2019-20) വിവിധ ഗ്രാമങ്ങളിൽ നിന്നും 12 പെൺകുട്ടികൾ പുതുതായി ഹോസ്റ്റലിൽ ചേർന്നു. അങ്ങനെ മൊത്തം 48 കുട്ടികൾ പെൺകുട്ടികളുടെ ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നു. കുട്ടികൾ എല്ലാവരും ആദിവാസി ദളിത് സമൂഹത്തിൽ പ്പെട്ടവരാണ്. നമ്മുടെ കുട്ടികൾ പഠനത്തിലും കലാകായിക രംഗങ്ങളിലും സ്കൂളിൽ നല്ല നിലവാരം പുലർത്തുന്നു. വാർഡന്മാർ സ്കൂളിൽ പോയി കുട്ടികളുടെ പഠനനിലവാരത്തെപ്പറ്റി ഇടക്കിടക്ക് അന്വേഷിക്കാറുണ്ട്.

**ഹോസ്റ്റൽ പ്രവർത്തനരീതി**

കുട്ടികൾ രാവിലെ 5 മണിക്ക് ഉണരുന്നു. പ്രാർത്ഥനയ്ക്ക് ശേഷം 6.30 വരെ ദിനചര്യകൾ. 6.30 മുതൽ 8.30 വരെ പഠന സമയം. 8.30 മുതൽ 9.15 വരെ സ്കൂളിലേക്ക് പോകാനുള്ള ഒരുക്കം. 9.15 ന് പ്രഭാതഭക്ഷണം. 9.50ന് കുട്ടികൾ ഒരുമിച്ച് കൂടി പ്രാർത്ഥിച്ചതിനുശേഷം സ്കൂളിലേക്കു പോകുന്നു. ഉച്ച ഭക്ഷണത്തിനായി 1 മണിക്ക് കുട്ടികൾ ഹോസ്റ്റലിൽ വന്ന് ഭക്ഷണം കഴിച്ചിട്ട് സ്കൂളിലേക്ക് മടങ്ങുന്നു. 4 മണിക്ക് ഹോസ്റ്റലിൽ തിരിച്ചെത്തുമ്പോൾ ലഘു ഭക്ഷണം നൽകുന്നു.

**കൃഷികാര്യങ്ങളിൽ കുട്ടികൾക്കുള്ള പങ്ക്**

2 ഏക്കറോളം വരുന്ന സ്ഥലത്താണ് ഹോസ്റ്റൽ സ്ഥിതി ചെയ്യുന്നത്. ഇവിടെ മാവ്, കശുമാവ്, സപ്പോട്ടാ, പേര, വാഴ തുടങ്ങിയവ നട്ട് പിടിപ്പിച്ചിട്ടുണ്ട്.

കൂടാതെ പച്ചക്കറികളും കൃഷി ചെയ്തിട്ടുണ്ട്. കുട്ടികൾ കൃഷി കാര്യങ്ങളിൽ തൽപരരാണ്. സ്കൂളിൽ നിന്നും വന്നതിനുശേഷം അവർ കൃഷി പരിപാലന ത്തിൽ ഏർപ്പെടുന്നു. ഈ വർഷം കൃഷിയിൽ നിന്നും നമുക്ക് 144 കിലോ കശുവണ്ടിയും 100 കിലോ മാങ്ങായും ലഭിച്ചു. ഹോസ്റ്റലിൽ രണ്ടാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികളുണ്ട്. ഈ വർഷം 14 കുട്ടികൾ 10-ാം ക്ലാസ്സ് പരീക്ഷ എഴുതി (10 ആൺകുട്ടികളും 4 പെൺകുട്ടികളും). 8-ാം ക്ലാസ്സിൽ പഠിക്കുന്ന അംബിക നായിക്കിനും 10-ാം ക്ലാസ്സിൽ പഠിച്ച പ്രമീള ബീദികയ്ക്കും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയതിന് സ്കൂളിൽ നിന്നും ക്യാഷ് അവാർഡ് നൽകപ്പെട്ടു.

**സന്ധ്യാപ്രാർത്ഥന**

6 മണിക്ക് സന്ധ്യാപ്രാർത്ഥന ആരംഭിക്കുന്നു. ഒരാൾ പ്രാർത്ഥിച്ചതിന് ശേഷം എല്ലാവരും ചേർന്ന് പാട്ടുകൾ പാടിയശേഷം 30 മിനിറ്റ് ബൈബിൾ പഠനം. 7 മണിമുതൽ 8.15 വരെ പഠിക്കുവാനുള്ള സമയം. 8.15 മുതൽ 9 വരെ അത്താഴം. 9 മുതൽ 10 വരെ വീണ്ടും പഠനം. 10 മണിക്ക് പ്രാർത്ഥന കഴിഞ്ഞ് ഉറങ്ങാനുള്ള സമയം. ആവശ്യമുള്ളവർക്ക് പഠനം തുടരാം.

**സണ്ടേ സ്കൂളും ആരാധനയും**

ഞായറാഴ്ചകളിൽ രാവിലെ പ്രാതൽ കഴിച്ചതിനുശേഷം 8.30 മുതൽ 10 മണി വരെ സണ്ടേ സ്കൂൾ. അതിനുശേഷം 1 മണി വരെ ആരാധന.

എല്ലാ വെള്ളിയാഴ്ചകളിലും വൈകിട്ട് മദ്ധ്യസ്ഥപ്രാർത്ഥന. പലഗ്രൂപ്പു കളായി പ്രാർത്ഥന നടത്തുന്നു. ഒന്നിടവിട്ടുള്ള ശനിയാഴ്ചകളിൽ Youth Movement, Cultural Programme എന്നിവ നടത്തിവരുന്നു.

**ഹോസ്റ്റലിന്റെ ചുമതലക്കാർ**

രണ്ടു ഹോസ്റ്റലുകളുടേയും ചുമതല ബ്ര. പി.സി. ജോൺ നിർവഹിക്കു ന്നു. പെൺകുട്ടികളുടെ വാർഡനായി ശ്രീമതി. ജോളിജോൺ പ്രവർത്തിക്കുന്നു.

**റ്റി.വി പ്രോഗ്രാം**

ദിവസവും രാവിലെ ഓറിയാ ന്യൂസ് കുട്ടികളെ കാണിക്കുന്നു. കൂടാതെ എല്ലാ ശനിയാഴ്ചകളിലും സിനിമ കാണാനുള്ള അവസരവും നൽകുന്നു.

**ഹോസ്റ്റലിലെ ആഹാരക്രമം**

ഞായറാഴ്ച രാവിലെ ചപ്പാത്തിയും കടലക്കറിയും. ഉച്ചയ്ക്ക് ചോറ്, സബ്ജി, ഡാൽ. 4 മണിക്ക് ലഘുഭക്ഷണം. രാത്രി ചോറ്, മുട്ടക്കറി, സബ്ജി. മറ്റു ദിവസങ്ങളിൽ പ്രാതൽ ഉപ്പുമാവ്, ചൂടാ (ഒറിയൻ ഭക്ഷണം) എന്നിവ മാറി മാറി കൊടുക്കുന്നു. മാസത്തിൽ 2 ദിവസം ചിക്കനും 2 ദിവസം മത്സ്യവും കൊടുക്കുന്നു. വിശേഷദിവസങ്ങളിൽ കൂടുതൽ വിഭവങ്ങളോടുകൂടി സ്പെഷ്യൽ ഫുഡ് നൽകാറുണ്ട്.

**ക്രിസ്തുമസ് കരോൾ സർവീസ്**

21.12.2019 ൽ ഗേൾസ് ഹോസ്റ്റലിൽ വച്ച് രണ്ടു ഹോസ്റ്റലുകളുടേയും സംയുക്ത കരോൾ നടത്തപ്പെട്ടു. റായഗഡ ലൂഥറിൻ ചർച്ച വികാരി റവ. പരസ് ബാബു, അഡ്വ. സാമുവൽ താണ്ടിയും കുടുംബവും, ബ്ര. അനിൽ പ്രേംനഗർ, ജിമിഡിപേട്ട സ്കൂളിലെ അദ്ധ്യാപകർ തുടങ്ങിയവർ പങ്കെടുത്തു. കരോളി നോട് അനുബന്ധിച്ച് കുട്ടികളുടെ വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു. സണ്ടേ സ്കൂൾ പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയവർക്ക് സമ്മാന ങ്ങളും നൽകപ്പെട്ടു. രാത്രി 8.30ന് പ്രോഗ്രാം അവസാനിച്ചു. തുടർന്ന് എല്ലാ വരും ഒരുമിച്ച് സ്നേഹവിരുന്നിൽ പങ്കെടുത്തു.

**സണ്ടേസ്കൂൾ പരീക്ഷാ വിജയികൾ**

**Bible Test**

| | | | | |
|---|---|---|---|---|
| Sub Juniors | 1) | Bhavani | - | Ist |
| | 2) | Arkitta | - | IInd |
| Juniors | 1) | Sriya | - | 1st |
| | 2) | Dharithri | - | IInd |
| Seniors | 1) | Alisha | - | 1st |
| | 2) | Jayanthi | - | IInd |

**Bible Quiz**

| | | | | |
|---|---|---|---|---|
| Sub Juniors | 1) | Bhavani | - | Ist |
| | 2) | Angel | - | IInd |

| | | | | |
|---|---|---|---|---|
| Juniors | 1) | Dharithri | - | Ist |
| | 2) | Minathi | - | IInd |
| Seniors | 1) | Alisha | - | Ist |
| | 2) | Priyanka | - | IInd |

**Songs**

| | | | | |
|---|---|---|---|---|
| Sub Juniors | 1) | Angel | - | Ist |
| | 2) | Bhavani | - | IInd |
| Juniors | 1) | Suneli | - | 1st |
| | 2) | Dharithri | - | IInd |
| Seniors | 1) | Jyothi | - | 1st |
| | 2) | Manjula | - | IInd |

## 'Surabhi Program'

Inter School Competition Rayagada Block

Winners from Adore Hostals

1) Song Competition

| | | | |
|---|---|---|---|
| Senior | Priyanka Kusuliya | - | 1st |
| Junior | Rinku Takri | - | 1st |

2) Debate Competition : Subject : Non-corporal punishment in schools it's Pros & Cors

| | | | |
|---|---|---|---|
| Seniors | Sritha Rani Beedika | - | 1st |
| | Priyanka Kusuliya | - | IInd |

3) Quiz Competition

| | | | |
|---|---|---|---|
| Junior | Minathi Beedika | - | IIIrd |

4) Dance Competition (Group Dance)

Juniors Ist - Arita Pari, Sureli Kilaka, Bhagyavaty, Maedangi

5) Hard Writing Competition : Juniors 1st Rinku Takri

**ഹോസ്റ്റൽ സന്ദർശിച്ചവർ**

1) 23.8.2019 Ms. Susan John and Aja Mary Abraham, Tvm
2) 23.8.2019 Adv. P.P. Varghese and Mrs. Mary Varghese, Tvm.

3) 28.2.2020 Br. P.G. Varghese and team of Indian Evangelical Team.

റായഗഡയിൽ നിന്നും ഏകദേശം 12 കിലോമീറ്റർ അകലെ ഒരു മല യുടെ മുകളിൽ സ്ഥിതി ചെയ്യുന്ന അംബുഗുഡാ എന്ന ട്രൈബൽ ഗ്രാമത്തിൽ 1998ൽ അഡോർമിഷൻ ഒരു സുവിശേഷ വേല ആരംഭിച്ചിരുന്നു. 1998 മുതൽ 2000 വരെ എല്ലാ ഞായറാഴ്ചകളിലും അഡോർ ഹോസ്റ്റലിൽ നിന്നും മുതിർന്ന കുട്ടികൾ ആ ഗ്രാമത്തിൽ പോയി സുവിശേഷ വേല ചെയ്തു കൊണ്ടിരുന്നു. ഇപ്പോൾ ആ ഗ്രാമീണർ മുഴുവൻ വിശ്വാസത്തിലാണ്. ഈ വർഷം അഡോർ കമ്മിറ്റി അംഗങ്ങൾ ഹോസ്റ്റൽ സന്ദർശിച്ചപ്പോൾ ആമ്പ്ഗുഡാ ഗ്രാമത്തിൽ പോവുകയും അവരോടുകൂടെ ആരാധനയിൽ പങ്കുകൊള്ളുകയും അവരഭിമു ഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. അവർക്ക് ആരാധിക്കാനായി ഒരു പള്ളി പണിയണമെന്നും അതിനു സഹായിക്കണം എന്നും അവർ അഭ്യർ ത്ഥിച്ചു. അവരോടൊന്നിച്ച് ഉച്ചഭക്ഷണം കഴിച്ചതിനുശേഷം ഞങ്ങൾ പിരിഞ്ഞു.

**അറ്റകുറ്റപ്പണികളും പെയിന്റിഗും**

ഈ വർഷം രണ്ടു ഹോസ്റ്റലുകളുടെയും അറ്റകുറ്റപണിയും പെയിന്റിംഗും നടത്തുവാൻ ഇടയായി. അതിനു വേണ്ടി പ്രത്യേക സംഭാവനകൾ നൽകിയ എല്ലാവരോടും നന്ദി അറിയിക്കുന്നു. മൊത്തം 4,20,000/- രൂപ അതിനു ചില വായി.

**ഹോസ്റ്റൽ നാമകരണം**

അഡോറിന്റെ സ്ഥാപക മെമ്പറിൽ ഒരാളും അഡോർ ഗേൾസ് ഹോസ്റ്റ ലിന്റെ നിർമ്മാണത്തിനു മുഖ്യപങ്ക് വഹിച്ചതുമായ പരേതനായ എസ്.കെ. എബ്രഹാം സാറിന്റെ ഓർമ്മക്കായി ഗേൾസ് ഹോസ്റ്റൽ സമർപ്പിക്കപ്പെടുകയും, എസ്.കെ. എബ്രഹാം മെമ്മോറിയൽ അഡോർ ഹോസ്റ്റൽ എന്ന് നാമകരണം ചെയ്യുകയും ചെയ്തു.

ശ്രീ. പി.സി. ജോണിന്റെ മകൻ ജോയൽ തന്റെ എൻഞ്ചിനിയറിംഗ് പഠന ത്തോടൊപ്പം ഹോസ്റ്റലിലെ എല്ലാ പ്രവർത്തനങ്ങളിലും സ്തുത്യർഹമായ സേവനം നൽകുന്നു. ദൈവം ജോയലിനെ അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

## ADORE BOY'S HOSTEL

ഈ ഹോസ്റ്റൽ ജിമിദിപ്പെട്ടയിൽ നിന്നും 2 കിലോമീറ്റർ അകലെ 'ഗുഡം' എന്ന ഗ്രാമത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഹോസ്റ്റലിലെ പൂർവ്വ വിദ്യാർത്ഥി ശ്രീ ഗാംഗുലു ആണ് ഈ ഹോസ്റ്റലിലെ വാർഡൻ. അദ്ദേഹം കുടുംബസമേതം ഹോസ്റ്റലിൽ താമസിച്ചു സേവനം ചെയ്യുന്നു.

**ബോയ്സ് ഹോസ്റ്റൽ പ്രവർത്തനങ്ങൾ**

ഈ ഹോസ്റ്റലിൽ ഇപ്പോൾ 26 കുട്ടികൾ പഠിക്കുന്നു. എല്ലാ കുട്ടികളും ട്രൈബൽ ദളിത് വിഭാഗത്തിൽപെട്ടവരാണ്. റായഗഡ ജില്ലയിലെ ഉൾഗ്രാമത്തിൽ ഉള്ളവരാണ് എല്ലാവരും. 2-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെയുള്ള കുട്ടികൾ ഈ ഹോസ്റ്റലിൽ ഉണ്ട്.

ഹോസ്റ്റലിലെ പ്രവർത്തനരീതി അഡോർ ഗേൾസ് ഹോസ്റ്റലിന്റെ പ്രവർത്തനം പോലെ തന്നെ. സ്കൂളിൽ നമ്മുടെ കുട്ടികൾ പഠനത്തിൽ നല്ല നിലവാരം പുലർത്തുന്നു. ഞായറാഴ്ചകളിലെ ആരാധനയും സണ്ടേസ്കൂളുകളും ഗേൾസ് ഹോസ്റ്റലിൽ വച്ച് ഒരുമിച്ച് നടത്തുന്നു.

**സണ്ടേസ്കൂൾ പരീക്ഷാ വിജയികൾ**

### Bible Test

| | | | | |
|---|---|---|---|---|
| Sub Juniors | 1) | Niranjan | - | Ist |
| | 2) | Rajeswar | - | IInd |
| Juniors | 1) | Sunesh | - | Ist |
| | 2) | Rinku | - | IInd |
| Seniors | 1) | Rohin | - | Ist |
| | 2) | Kishore | - | IInd |

### Bible Quiz

| | | | | |
|---|---|---|---|---|
| Sub Juniors | 1) | Hemanth | - | Ist |
| | 2) | Dipun | - | IInd |
| Juniors | 1) | Jaswa | - | Ist |
| | 2) | Sunesh | - | IInd |

| | | | | |
|---|---|---|---|---|
| Seniors | 1) | Tuna | - | Ist |
| | 2) | Umesh | - | IInd |

## Song

| | | | | |
|---|---|---|---|---|
| Sub Juniors | 1) | Dipun | - | Ist |
| | 2) | Bibek | - | IInd |
| Juniors | 1) | Rinku | - | Ist |
| | 2) | Jaswa | - | IInd |
| Seniors | 1) | Rohin | - | Ist |
| | 2) | Rakesh | - | IInd |

**ഉപസംഹാരം**

സ്വദേശത്തും വിദേശത്തും ഉള്ള അനവധി സ്നേഹിതർ പ്രാർത്ഥനയിൽ കൂടിയും സാമ്പത്തിക സഹകരണത്തിൽ കൂടിയും അഡോറിന്റെ സുവിശേഷപ്രവർത്തനത്തെ സഹായിക്കുന്നുണ്ട്.എല്ലാവരോടുമുള്ള അകമഴിഞ്ഞ സ്നേഹവും നന്ദിയും അറിയിക്കുന്നു. സമൂഹം അവഗണിക്കുകയും തിരസ്കരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഒരു പറ്റം ആദിവാസി ദളിത് സമൂഹത്തിലെ കുഞ്ഞുങ്ങളെ അക്ഷരത്തിന്റെ ലോകത്തിലേക്ക് കടത്തി കൊണ്ടുവരുവാനും അവരെ ആത്മീകമായി പരിപോഷിപ്പിക്കുവാനും അച്ചടക്കവും പൗരബോധവുമുള്ള വ്യക്തികളാക്കി മാറ്റി എടുക്കുവാനും ദൈവം സഹായിച്ചുകൊണ്ടിരിക്കുന്നു. അതിന് അഡോറിനോടൊപ്പം പങ്കാളികളായി തീർന്ന എല്ലാ സഹകാരികളോടും ഒന്നുകൂടി നന്ദി അറിയിച്ചുകൊണ്ട് ഈ റിപ്പോർട്ട് ഉപസംഹരിക്കുന്നു. സർവശക്തനായ ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

എന്ന്,

അഡോറിന് വേണ്ടി

**Dr. Koshy George**
**Secretary, Adore**

# List of Donors to Adore 2019 - 20

## I. Sponsors

| S.No. | Name | Amount |
|---|---|---|
| 1. | Mr. Aji Thomas, Trivandrum | 10,000.00 |
| 2. | Mr. Koruthu Samuel, Kollam | 10,000.00 |
| 3. | Mrs. Rincy Kurian, Chickago | 20,000.00 |
| 4. | Mrs. Beena L Samuel, Mumbai | 15,000.00 |
| 5. | Mr. George Oomman, Thiruvalla | 10,000.00 |
| 6. | Mr. John Kurian, Mavelikara | 10,000.00 |
| 7. | Mr. Mathew Jacob, Chennai | 10,000.00 |
| 8. | Mr. Thomas Varghese, TX, USA | 15,000.00 |
| 9. | Mrs. Mariamma John, USA | 14,140.00 |
| 10. | Mr. Vinod George, Mavelikara | 10,000.00 |
| 11. | Mr. Mathai Nainan, Mavelikara | 10,000.00 |
| 12. | Mr. Roy Cherian, Mavelikara | 10,000.00 |
| 13. | Mr. Vinoo P Varghese, Mavelikara | 10,000.00 |
| 14. | Dr. V.J. Mathew, Chengannoor | 20,000.00 |
| 15. | Mr. Jacob Varghese, UAE | 10,000.00 |
| 16. | Mr. Varghese Mathew, Cochin | 15,000.00 |
| 17. | Mr. Anish Mathew Koshy, UAE | 10,000.00 |
| 18. | Mrs. Raji Paul, UAE | 10,000.00 |
| 19. | Mr. Sunny V George, Pallickal | 10,000.00 |
| 20. | Mr. Pappy T Mathew, USA | 20,000.00 |
| 21. | Dr. Tony Mathew, USA | 20,000.00 |
| 22. | Mr. Ajith George Thomas, Qatar | 10,000.00 |
| 23. | Mr. Aju John, Kollam | 10,000.00 |
| 24. | Mr. Jacob Easow, Kollam | 14,000.00 |
| 25. | Dr. Usha Thomas, Kollam | 12,000.00 |
| 26. | Dr. Anna Jacob, Kollam | 12,000.00 |
| 27. | Dr. Ammu Susanna Jacob, Kollam | 12,000.00 |
| 28. | Dr. Abou J Kurian, Mavelikara | 10,000.00 |
| 29. | Mr. Blessan K Daniel, Bengalaru | 10,000.00 |
| 30. | Mr. John Rajan, Chennai | 10,000.00 |
| 31. | Mr. Monachan Thomas, TX, USA | 10,000.00 |
| 32. | Mr. John Varghese, USA | 14,000.00 |
| 33. | Mr. Rajan Varghese, Bengalaru | 10,000.00 |
| 34. | Mrs. Preethi Roshen, Bengalaru | 20,000.00 |
| 35. | Mr. Robin Mathew, Bengalaru | 10,000.00 |
| 36. | Mr. Sal Scariah Abraham, Bengalaru | 20,000.00 |
| 37. | Mr. Litten Varghese Itty, Mavelikara | 10,000.00 |
| 38. | Mr. Arun Varghese, Bengalaru | 10,000.00 |

| S.No. | Name | Amount |
|---|---|---|
| 39. | Mr. Sam Varghese, Mukhathala | 10,000.00 |
| 40. | Mr. K.I. Varghese, Dubai | 25,000.00 |
| 41. | Dr. Ratna Sukumaran, Kollam | 20,000.00 |
| 42. | Mr. Anish Kurian, Kollam | 10,000.00 |
| 43. | Mr. Eapen Koshy, Kollam | 10,000.00 |
| 44. | Dr. Koshy George, Kollam | 10,000.00 |
| 45. | Mrs. Annamma Koshy, Kollam | 10,000.00 |
| 46. | Mr. Varghese Kuruvila, Ahemdabad | 10,000.00 |
| 47. | Mr. Kurian V Mathew, Sharjah | 20,000.00 |
| 48. | Mr. Abraham Koshy, Maramon | 10,000.00 |
| 49. | Mrs. Lillykutty, Maramon | 10,000.00 |
| 50. | Mr. Thomas Baby, Sharjah | 10,000.00 |
| 51. | Mr. Shinod Varghese, Thiruvalla | 10,000.00 |
| 52. | Mr. Varghese Varghese, Mavelikara | 5,000.00 |
| 53. | Dr. Ashok Thomas, Idukki | 5,500.00 |
| 54. | WellWisher | 10,000.00 |
| | **TOTAL** | **658,640.00** |

## II. Other Donations

| S.No. | Name | Amount |
|---|---|---|
| 1. | Mrs. Annie John, Kollam | 2,000.00 |
| 2. | Prof. Mammen Varkey, Mavelikara | 2,000.00 |
| 3. | Mrs. Laly Daniel, Mavelikara | 200.00 |
| 4. | Mr. T.C. Cherian, Mavelikara | 1,000.00 |
| 5. | Mr. Philip M.K, Mavelikara | 500.00 |
| 6. | Mrs. Ponnamma, Mavelikara | 250.00 |
| 7. | Dr. Chacko George, Mavelikara | 1,000.00 |
| 8. | Mr. Jose Eapen, Mavelikara | 300.00 |
| 9. | Mr. T.C. Jacob, Mavelikara | 200.00 |
| 10. | Mrs. Shirly Mathews, Mavelikara | 250.00 |
| 11. | Suja Samuel, Chengannoor | 500.00 |
| 12. | Mar Thoma Valiyapalli, Chengannoor | 2,000.00 |
| 13. | Mr. Ajit Skariah, Chengannoor | 2,000.00 |
| 14. | Mr. Ligin George, Chengannoor | 2,500.00 |
| 15. | Ayana Sara Mathew, Mavelikara | 1,000.00 |
| 16. | St. Thomas MTC, Aranmula | 2,000.00 |
| 17. | Sunil Varkey, Pandalam | 2,500.00 |
| 18. | Jose Eapen, Mavelikara | 250.00 |
| 19. | Annie George, Mavelikara | 500.00 |

| S.No. | Name | Amount |
|---|---|---|
| 20. | Anila Thomas, Mavelikara | 200.00 |
| 21. | K.A. Varghese, Kuzhikala | 250.00 |
| 22. | John Sebastain, Mavelikara | 5,000.00 |
| 23. | I.K. Iype, Kollam | 8,000.00 |
| 24. | Susy Alexander, Mavelikara | 2,000.00 |
| 25. | Viju nainan Paul, Tiruvalla | 5,000.00 |
| 26. | Rev. T.S. Thomas, Mavelikara | 500.00 |
| 27. | Rev. Alex. K Chacko, Karikkam | 500.00 |
| 28. | Rev. Rencey Thomson George, Chegannur | 500.00 |
| 29. | Saju Philip, Mulamthuruthi | 2,000.00 |
| 30. | K.L. John, Mavelikara | 1,000.00 |
| 31. | Biju Varghese, Mavelikara | 1,000.00 |
| 32. | Abu Sam, Alappuzha | 2,500.00 |
| 33. | John K Eapen, Chennai | 5,000.00 |
| 34. | Rachel Koshy, Mavelikara | 1,000.00 |
| 35. | Thomas Mathai, Thiruvalla | 2,000.00 |
| 36. | Saramma Thomas, Mavelikara | 3,000.00 |
| 37. | Samuel Mathews, Mavelikara | 1,000.00 |
| 38. | Secretary, Health Cuild, Checgannoor | 1,000.00 |
| 39. | Prof. Y. Oomman, Mavelikara | 4,000.00 |

| S.No. | Name | Amount |
|---|---|---|
| 40. | Sara Ann Sabu, Thiruvalla | 4,000.00 |
| 41. | P. george Varghese, Chegannoor | 500.00 |
| 42. | Binu Abraham, Mavelikara | 4,000.00 |
| 43. | Eby P Kurian, Mavelikara | 4,000.00 |
| 44. | Molly Thomas, Kumbanad | 1,000.00 |
| 45. | Daniel George, Karunagapplly | 5,000.00 |
| 46. | Sheethal Vineeth Kumar, Germany | 3,000.00 |
| 47. | K.M. Varghese, Thumpamon | 1,000.00 |
| 48. | Dr. Alex Thomas, Thalavady | 2,000.00 |
| 49. | Raji Thomas George, Chengannur | 3,000.00 |
| 50. | Benjamin Alex Jacob, Mavelikara | 2,000.00 |
| 51. | Mathew George, Pathanamthitta | 1,000.00 |
| 52. | Achiamma Samuel, Kollam | 1,000.00 |
| 53. | O. Mathew, Kottarakara | 5,000.00 |
| 54. | O. Joy, Mukhathala | 1,500.00 |
| 55. | Aleamma, Mukhathala | 700.00 |
| 56. | T.K. George, East Kundara | 500.00 |
| 57. | Geevarghese, Puthoor | 500.00 |
| 58. | T. Thommen, Kannanalloor | 5.00.00 |
| 59. | L. Baby, Kottarakara | 500.00 |

| S.No. | Name | Amount |
|---|---|---|
| 60. | Athul, Kollam | 250.00 |
| 61. | Mathew Vaidian, Chennai | 2,000.00 |
| 62. | Vijayamma. T.K, Puramattom | 2,000.00 |
| 63. | George Varghese, Kuttapuzha | 650.00 |
| 64. | Ajith Thomas John, Kozhancherry | 2,000.00 |
| 65. | Rev. Raju Ancherry, Kozhancherry | 1,000.00 |
| 66. | Rev. K.J. Samuel Thumpamon, Thazhom | 500.00 |
| 67. | Biju Johnson, Vadodara | 650.00 |
| 68. | K.V. Mathew, hyderabad | 750.00 |
| 69. | Mrs. Kamani Ann Oomman, Mavelikara | 500.00 |
| 70. | Mathew John, Baharin | 10,704.00 |
| 71. | Dr. Manju Philip, Kollam | 10,750.00 |
| 72. | Varghese Kuruvila, Ahemdabad | 15,000.00 |
| | **TOTAL** | **153,854.00** |

## III. Donation for Building Maintanence

| S.No. | Name | Amount |
|---|---|---|
| 1. | Vinod P Varghese, Mavelikara | 15,000.00 |
| 2. | Dr. V.J. Mathew, Chengannoor | 20,000.00 |
| 3. | Jacob Varghese, UAE | 15,000.00 |
| 4. | Anish Mathew Koshy, UAE | 10,000.00 |
| 5. | Raji Paul, UAE | 10,000.00 |
| 6. | Sunny V George, Pallickal | 10,000.00 |
| 7. | George Rajan, Gujarat | 10,000.00 |
| 8. | Joy Mathew, Gujarat | 20,000.00 |
| 9. | Shibu Koshy, UAE | 10,000.00 |
| 10. | Bindu James, Goa | 6,000.00 |
| 11. | Joji John, Thiruvalla | 15,000.00 |
| 12. | Ajith George Thomas, Qatar | 5,000.00 |
| 13. | Jinu Mary John, Pathanamthitta | 15,000.00 |
| 14. | Sumi Sara Eapen, Perumthuruthy | 10,000.00 |
| 15. | Monachan Thomas, TX USA | 15,000.00 |
| 16. | Mammen P John, USA | 7,413.00 |
| 17. | Paul Varghese, USA | 15,000.00 |
| 18. | Jikku John Mathai, UAE | 50,000.00 |

| S.No. | Name | Amount |
|---|---|---|
| 19. | C.M. Varghese, USA | 15,000.00 |
| 20. | I.K. Lype, Kollam | 5,000.00 |
| 21. | K.I. Varghese, Dubai | 15,000.00 |
| 22. | Kurian V Mathew, Sharajah | 5,000.00 |
| | **TOTAL** | **298,413.00** |

**2020-2021**

| S.No. | Name | Amount |
|---|---|---|
| 1. | Binu varghese, Mavelikara | 5,000.00 |
| 2. | Abraham Samuel, USA | 37,470.00 |
| | **GRAND TOTAL** | **340,883.00** |

## IV. Donation for Special Food

| S.No. | Name | Amount |
|---|---|---|
| 1. | Joji John, Thiruvalla | 10,000.00 |
| 2. | Susan John, Trivandrum | 5,000.00 |
| 3. | Dr. Koshy george & Jacob Easow, Kollam | 2,080.00 |
| 4. | Jacob Easow, Kollam | 5,000.00 |
| 5. | Subin M Sunny, Mavelikara | 10,000.00 |
| | **TOTAL** | **32,080.00** |

## V. Memorial Sponsorship Endowment

| S.No. | Name | Amount |
|---|---|---|
| 1. | Joji John, Thiruvalla | 100,000.00 |
| 2. | John Samuel & Sheba John, Mavelikara | 25,000.00 |
| | **TOTAL** | **125,000.00** |

## AGENCY FOR DEVELOPMENT OF OPPRESSED THROUGH RELIEF AND EDUCATION

## RECEIPTS & PAYMENTS ACCOUNT FOR THE YEAR ENDED 31-03-2020

| Receipts | | Amount (Rs.) |
|---|---|---|
| To Opening Balances | | |
| Cash in Hand | 16,389.71 | |
| Cash at Bank | | |
| Quilon Co Operative Urban Bank Ltd. | 1,16,422.00 | |
| State Bank Of India-0126 | 9,45,305.56 | |
| State Bank of India-5761 | 3,165.17 | |
| State Bank of India-7663 | 18,488.43 | 10,99,770.87 |
| To Donation Received | 12,67,987.00 | |
| To Hostel Fee | 1,30,400.00 | |
| To Sale of Calf | 6,000.00 | |
| To Agricultural Income | 18,874.00 | |
| To Interest Received | 2,12,084.00 | 16,35,345.00 |
| **Total** | | **27,35,115.87** |

| Payments | | Amount (Rs.) |
|---|---|---|
| By Accounting Charges | 7,500.00 | |
| By Audit Fee | 4,000.00 | |
| By Bank Charges | 1,077.00 | |
| By Food & Groceries | 5,93,631.00 | |
| By Salaries & Allowances | 2,31,300.00 | |
| By Insurance for Animals | 3,776.00 | |
| By Education Expenses | 25,000.00 | |
| By Medical Expenses | 48,973.00 | |
| By Animal Expenses | 26,933.00 | |
| By Agricultural Expenses | 11,622.00 | |
| By Fuel Charges | 32,771.00 | |
| By Travel Expenses | 15,718.00 | |
| By Electricity Charges | 27,580.00 | |
| By Telephone & Internet Charges | 6,150.00 | |
| By Repairs & Maintenance | 3,73,949.00 | |
| By Printing & Stationary | 43,163.00 | |
| By Refreshment Expenses | 7,584.00 | |
| By Postage Expenses | 5,012.00 | |
| By Rates & Taxes | 232.00 | |
| By Website Renewal Expense | 1,227.00 | |
| By Support to ex-employee’s family | 18,852.00 | 14,86,050.00 |
| By Fixed Deposit | | 2,78,808.00 |
| By Closing Balances | | |
| Cash at Bank | | |
| Quilon Co-Operative Urban Bank Ltd. | 1,14,554.00 | |
| State Bank of India-0126 | 8,11,351.56 | |
| State Bank of India-5761 | 3,260.17 | |
| State Bank of India-7663 | 23,356.43 | |
| Cash in hand | 17,735.71 | 9,70,257.87 |
| **Total** | | **27,35,115.87** |

Kollam President Secretary Treasurer As per report of even date

20/07/2020

## AGENCY FOR DEVELOPMENT OF OPPRESSED THROUGH RELIEF AND EDUCATION
## INCOME AND EXPENDITURE ACCOUNT FOR THE YEAR ENDED 31-03-2020

| Expenditure | Amount (Rs.) | Incomes | Amount (Rs.) |
|---|---|---|---|
| To Accounting charge | 7,500.00 | By Donation Received | 12,67,987.00 |
| To Audit Fee | 4,000.00 | By Hostel Fee | 1,30,400.00 |
| To Bank Charges | 1,077.00 | By Agricultural Income | 18,874.00 |
| To Food & Groceries | 5,93,631.00 | By Interest Received | 2,12,084.00 |
| To Salaries & Allowances | 2,31,300.00 | | |
| To Insurance for Animals | 3,776.00 | | |
| To Education Expenses | 25,000.00 | | |
| To Medical Expenses | 48,973.00 | | |
| To Animal Expenses | 26,933.00 | | |
| To Agricultural Expenses | 11,622.00 | | |
| To Fuel Charges | 32,771.00 | | |
| To Travel Expenses | 15,718.00 | | |
| To Electricity Charges | 27,580.00 | | |
| To Telephone & Internet Charges | 6,150.00 | | |
| To Repairs & Maintanence | 3,73,949.00 | | |
| To Printing & Stationary | 43,163.00 | | |
| To Refreshment Expenses | 7,584.00 | | |
| To Postage Expenses | 5,012.00 | | |
| To Rates & Taxes | 232.00 | | |
| To Website Renewal Expense | 1,227.00 | | |
| To Support to ex-employee’s family | 18,852.00 | | |
| To Depreciation | 1,12,655.69 | | |
| To Excess of Income over Expenditure | 30,639.31 | | |
| **Total** | **16,29,345.00** | **Total** | **16,29,345.00** |

Kollam President Secretary Treasurer As per report of even date

20/07/2020

## AGENCY FOR DEVELOPMENT OF OPPRESSED THROUGH RELIEF AND EDUCATION
## BALANCE SHEET AS AT 31-03-2020

| **Liabilities** | | **Amount** | **Assests** | | **Amount** |
|---|---|---|---|---|---|
| **Capital Fund** | | | **Fixed assets** | | 19,91,434.26 |
| As per last B/s. | 32,11,000.82 | | | | |
| Add: Excess of Income | | | **Fund Investments** | | |
| over Expenditure | 30,639.31 | | Fixed Deposit with banks | | 23,50,732.00 |
| | 32,41,640.13 | | | | |
| Less: Transfer from Fund Account | 1,25,000.00 | 31,16,640.13 | **Current Assets** | | |
| | | | TDS | | 1,140.00 |
| **Fund Account** | | | | | |
| As per last B/s. | 20,71,924.00 | | **Cash at Bank** | | |
| Add: Transfer from | | | Quilon Co-Operative Urban Bank Ltd. | 1,14,554.00 | |
| Capital Fund | 1,25,000.00 | 21,96,924.00 | State Bank of India-0126 | 8,11,351.56 | |
| | | | State Bank of India-5761 | 3,260.17 | |
| | | | State Bank of India-7663 | 23,356.43 | 9,52,522.16 |
| | | | Cash in hand | | 17,735.71 |
| **Total** | | **53,13,564.13** | **Total** | | **53,13,564.13** |

Kollam President Secretary Treasurer As per report of even date

20/07/2020

J R S & Co.
CHARTERED ACCOUNTANTS

2nd Floor, Vaidya Towers
Residency Road, Chinnakada
Kollam - 691 001
Phone : 0474 - 2744530
E-mail : jayakumar@jrsca.com
jkassoc@bsnl.in
jkjrsca@gmail.com

20th July, 2020

# AUDITOR'S REPORT

We have audited the attached Balance sheet of "Agency for Development of Oppressed through Relief and Education" (ADORE), Alummoottil Annexe, Pattathanam, Kollam-21, as on 31-03-2020 and the Income and Expenditure Account and Receipts and payments Account for the year ended on that date and report that :-

In our opinion, proper books of account have been kept by them, so far as it appears from our examination of such books, and that the Income and Expenditure Account and Balance Sheet Referred to above are in agreement with the books of account presented before us.

**UDIN : 20025035AAAACQ3584**

**For JRS & Co.**
**CHARTERED ACCOUNTANTS**

JRS & Co. KOLLAM CHARTERED ACCOUNTANTS

**A. Jayakumar FCA**
**Partner**
**M. No. 025035 FR No. 0080855**

Head Office : 2nd Floor, The Monarch, P.T.Usha Road, Kochi - 682011.
Phone : 0484 -2373227,2371202 Fax : 0484 - 4040754. E-mail : jrskochi@jrsca.com
Branches : (1) TC 23/59 PNRA B-15, Ambalamukku, Kowdiar, Trivandrum - 695003
Phone : 0471 - 2431300 E-mail : jrstvm@gmail.com, jrstvm@jrsca.com
(2) Shivasakti Arcade, No. - 170, First Floor,CQAL Layout, Block - B, Sahakar Nagar, Bangalore - 560092

# ADORE

(Agency for the Development of the Oppressed
through Relief and Education)
Reg. No. Q 181 / 84
Alummottil Annexe, Pattathanam, Kollam, Kerala,
India - 691021, PH : 0474 - 2746816

## SPONSORSHIP FORM

I Would like to be a sponsor of ____________________ student (s). I promise to pay Rs. 10,000.00 (Rupees Ten Thousand only) per student per year towards the sponsorship charges. I also promise to pray regularly for the Adore Mission and ministry.

| | |
|---|---|
| **Name** | |
| **Address** | **Postcode :** |
| **Phone No:** | |
| **Email** | |
| **Signature & Date** | |

# എങ്ങനെ പങ്കാളികളാകാം...

1. ഒരു കുട്ടിയെ സ്പോൺസർ ചെയ്യുന്നതിലൂടെ (ഒരു വർഷത്തെ സ്പോൺസർഷിപ്പ് തുകയായ് 10,000/- രൂപ ഒന്നിച്ചോ തവണകളായോ നൽകാവുന്നതാണ്.)

2. കുടുംബങ്ങളാട് ബന്ധപ്പെട്ടുള്ള വിശേഷ അവസരങ്ങളിൽ (ഉദാ: ജന്മദിന വാർഷികം, വിവാഹ വാർഷികം തുടങ്ങിയ വിശേഷ അവസരങ്ങളിൽ) ഈ കുട്ടികൾക്ക് ഒരു Special Meal Sponsor ചെയ്യാവുന്നതാണ്.

3. അവസരം കിട്ടുമ്പോൾ ഹോസ്റ്റൽ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ നേരിൽ കണ്ട് പ്രോത്സാഹിപ്പിക്കുകയും ചെയ്യാവുന്നതാണ്.

4. അഡോർ മിഷൻ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുക.

**AGENCY FOR DEVELOPMENT OF OPPRESSED THORUGH RELIEF AND EDUCATION (ADORE)**
**Reg. No. Q 181/84**
**(Alummoottil Annexe, Pattathanam, Kollam - 691021)**

---


| | | |
|---|---|---|
| President | : | **PROF. A.V. ITTY**<br>Adiyanil<br>Mavelikara - 690 101<br>Phone : 0479 - 2300 750<br>+919495017850 |
| Secretary | : | **Dr. KOSHY GEORGE**<br>Alummoottil<br>Amman Nagar - 105<br>Pattathanam, Kollam - 691 021<br>Phone: 0474-2741010, 2746816<br>+919447036816 |
| Treasurer | : | **Mr. KORUTHU SAMUEL**<br>Mullaseri Bhavan<br>Kavanad<br>Kollam<br>Phone : +918281472773 |
| Field Address | : | **ADORE HOSTEL**<br>Jimidipeta P.O.,<br>Rayagada, Orissa - 765002<br>Ph : 09908449640 |


---


For Private Circulation only
Published by **Dr. Koshy George** for **Adore**
**Website : www.adoremission.org**

## ക്രിസ്തുനാഥന്റെ ഗിരി പ്രഭാഷണത്തിൽ നിന്നും.....

(മത്താ: 5:3 - 10)

1. ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത്.
2. ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്ക് ആശ്വാസം ലഭിക്കും.
3. സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ; അവർ ഭൂമിയെ അവകാശമാക്കും.
4. നീതിക്കു വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്ക് തൃപ്തി വരും.
5. കരുണയുള്ളവർ ഭാഗ്യവാന്മാർ: അവർക്കു കരുണ ലഭിക്കും.
6. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും.
7. സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ പുത്രന്മാർ എന്ന് വിളിക്കപ്പെടും.
8. നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത്.